"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA
OFFICE OF THE DIRECTOR OF TECHNICAL EDUCATION
10 AUG 2023
THIRUVANANTHAPURAM

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - ബാർട്ടൺ ഹിൽ, സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഐ. ടി വിഭാഗം ലാബിലേക്ക് ഓൺലൈൻ യൂ. പി. എസ് വാങ്ങുന്നതിന് - പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.1235/2023/HEDN തീയതി,തിരുവനന്തപുരം, 08-08-2023

---

പരാമർശം:- 1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18.05.2023 ലെ ഡി3/4760/2022/ഡി.ടി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ബാർട്ടൺ ഹിൽ, സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഐ. ടി വിഭാഗം ലാബിലേക്ക് ഓൺലൈൻ യൂ. പി. എസ് വാങ്ങുന്നതിന് 2,74,500/- രൂപയ്ക്ക് 2203-00-112-41-34 OC പ്ലാൻ എന്ന ശീർഷകത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതി നൽകിയിരുന്നു.

എന്നാൽ, പ്രസ്തുത ഭരണാനുമതി പ്രകാരം ജെം മുഖേന വാങ്ങാൻ നടപടികൾ ആരംഭിക്കുകയും ജെം-ൽ BOQ Based ബിഡ് പ്രസിദ്ധീകരിക്കുകയും ചെയ്തതിൽ എല്ലാ നികുതികളും ഉൾപ്പടെ ഏറ്റവും കുറഞ്ഞ തുകയായ 3,35,500/- (മൂന്നു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറു രൂപ മാത്രം) രൂപയ്ക്ക് M/S Numax Energy Solutions, Telangana എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും അനുവദിച്ചു നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ബാർട്ടൺ ഹിൽ, സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഐ. ടി വിഭാഗം ലാബിലേക്ക് ഓൺലൈൻ യൂ. പി. എസ് ജെം മുഖേന വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന M/S Numax Energy Solutions, Telangana എന്ന സ്ഥാപനത്തിൽ നിന്നും **3,35,500/- രൂപയ്ക്ക് (മൂന്നു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറു രൂപ മാത്രം)** ***2203-00-112-41-34 OC പ്ലാൻ*** എന്ന ശീർഷകത്തിൽ നിന്നും വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതിയും ക്രയാനുമതിയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി അജയൻ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺ ഹിൽ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതു ജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
സെക്ഷൻ ഓഫീസർ
Date: 08-08-2023 16:00:19